(ബി) ഇതിന്റെ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) എന്നാണ് ശുപാർശ നല്കിയത് ;

(ഡി) ഈ തോടിന്റെ പ്രയോജനം എത്ര ഹെക്ടർ നിലത്തിനാണ് ഉണ്ടാവുക എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയുടെ ഭരണാനുമതിക്കായി സ്ഥലം എം.എൽ.എ യുടെ നിവേദനം എന്നു ലഭിച്ചു ;

(എഫ്) ഈ പദ്ധതിയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും ഉടനെ നല്കുവാനും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) വഞ്ചുവം ഏലാതോടിന്റെ പുനരുദ്ധാരണ പണിക്കുള്ള 36.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ 23-12-1999-ൽ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഇതിന്റെ പ്രയോജനം 126.33 ഹെക്ടർ നിലത്തിന് ലഭിക്കും.

(ഇ) 28-9-1999-ൽ സർക്കാരിന് ലഭിച്ചു.

(എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

വെങ്ങോല പഞ്ചായത്തിലെ ആഗ്മെന്റേഷൻ വാട്ടർ സപ്ലൈ സ്കീം

46 (210) ശ്രീ. പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെങ്ങോല പഞ്ചായത്തിലെ ആഗ്മെന്റേഷൻ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഏത് ഘട്ടത്തിലാണ് ;

(ബി) ഇനി എന്തെല്ലാം പണികൾ പൂർത്തിയാക്കാനുണ്ട് ;

(സി) ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പെരുമ്പാവൂർ രായമംഗലം വെങ്ങോല പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി 7-1998ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. വെങ്ങോല പഞ്ചായത്തിന് മാത്രമായി 38 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഒരു മിനി സ്കീമിന്റെ സാങ്കേതിക വശങ്ങൾ പരിശോധിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

(സി) രണ്ടായിരംമാണ്ട് അവസാനത്തോടു കൂടി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ ചെക്ക് ഡാം നിർമ്മാണം

47 (211) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എവിടെയൊക്കെ ചെക്ക് ഡാം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്നും, ആയത് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ചെക്ക് ഡാമുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) & (ബി) മഞ്ചേശ്വരം മണ്ഡലത്തിൽ മൊഗ്രാർ, കുമ്പള, ശിരിയ, ബങ്കര, മഞ്ചേശ്വരം എന്നീ പുഴകളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ചു വരുന്നു. ഈ പഠനം പൂർത്തിയായിട്ടു മാത്രമേ എവിടെയെല്ലാം എന്ന് നിർമ്മാണം ആരംഭിക്കാൻ കഴിയും എന്ന കാര്യം വ്യക്തമാകുകയുള്ളു.

ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

48 (212) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിന്റെ ട്രിറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണം എന്താണ് ;

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയുടെ ഇൻടേക്ക് കിണർ, രണ്ടു ശുദ്ധജല സംഭരണികൾ എന്നിവയുടെ പണി പൂർത്തികരിച്ചു. ശുദ്ധീകരണശാലയുടെ പ്രവർത്തി ടെണ്ടർ ചെയ്തു. 7500 മീറ്റർ നീളത്തിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 4 റീച്ചുകളായി തിരിച്ച് വർക്ക് ഓർഡർ നൽകിയിരിക്കുകയാണ്. അവയുടെ പണി ഉടൻ ആരംഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly